Email : keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax : **0471-2331513, 0471-2331136**

നം. സി.ബി(1)40853/2012 സഹകരണസംഘം രജിസ്ട്രാർ ആഫീസ്,

തിരുവനന്തപുരം, തീയതി: 17.01.2013

**സർക്കുലർ നമ്പർ: 4/2013**

വിഷയം:- സഹകരണ വകുപ്പ് - ക്ഷീര കർഷകർക്ക് കാർഷിക അനുബന്ധ ആവശ്യങ്ങൾ നിറവേറ്റുന്നതിന് സംസ്ഥാനത്തെ വായ്പാ സഹകരണസംഘങ്ങളും / ബാങ്കുകളും മുഖേന കൂടുതൽ വായ്പ നൽകുന്ന പദ്ധതി- മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതു സംബന്ധിച്ച്.

സൂചന:- 1) ക്ഷീര വികസനവകുപ്പു ഡയറക്ടറുടെ 07.11.2012 ലെ സി3/12844/12 നമ്പർ കത്ത്

സംസ്ഥാനത്തെ പരമ്പരാഗത കാർഷിക അനുബന്ധമേഖലയായ ക്ഷീരമേഖലയിലെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും ഈ മേഖലയിലേക്ക് കൂടുതൽ കർഷകരെ ആകർഷിക്കുന്നതിനുമായി ക്ഷീര കർഷകർക്ക് സഹകരണ സംഘങ്ങൾ വഴി കൂടുതൽ വായ്പകൾ നൽകും എന്ന് സഹകരണ വകുപ്പിന്റെ 2012-13 വർഷത്തെ ധനാഭ്യർത്ഥന ചർച്ചാവേളയിൽ ബഹുമാനപ്പെട്ട സഹകരണ വകുപ്പു മന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ചിരുന്നു. ഇതിനായി ക്ഷീരവികസന വകുപ്പുമായി ആശയ വിനിമയം നടത്തിയതിൽ ഏതൊക്കെ പദ്ധതികൾക്കാണ് സാമ്പത്തിക സഹായം ആവശ്യമായി വരുന്നതെന്ന് സൂചന പ്രകാരം ക്ഷീര വികസന ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ വായ്പ സഹകരണ സംഘങ്ങളും ബാങ്കുകളും മുഖേന ക്ഷീര കർഷകർക്ക് കാർഷിക അനുബന്ധ ആവശ്യങ്ങൾക്കായി ചുവടെ ചേർക്കും പ്രകാരം വായ്പകൾ നൽകേണ്ടതാണ്.

| ക്രമനമ്പർ | വായ്പാഇനം | വായ്പാപരിധി കാലയളവ് (1 യൂണിറ്റിന്)പരമാവധി | യൂണിറ്റിന് ക്ഷീര വികസന വകുപ്പിൽ നിന്നുള്ള സബ്സിഡി | വ്യക്തിഗത വിഹിതം | കാലയളവ് വർഷം |
|---|---|---|---|---|---|
| 1 | തീറ്റപ്പുൽ കൃഷി ചെയ്യുന്നതിന് (20 സെന്റിന് മുകളിൽ) | 47,500 | 15,000 | 32,500 | 1 |
| 2 | തീറ്റപ്പുൽ കൃഷിയുടെ ആധുനികവൽക്കരണം/യന്ത്രവൽക്കരണം | 10,000 | 5,000 | 5,000 | 1 |
| 3 | കാലിത്തീറ്റ വാങ്ങി സൂക്ഷിക്കുന്നതിന് | 60,000 | 60,000 | 0 | 1 |
| 4 | ജലസേചന സൗകര്യങ്ങൾക്ക് | 20,000 | 10,000 | 10,000 | 1 |
| 5 | സമഗ്ര തീറ്റപ്പുൽ കൃഷി | 60,000 | 30,000 | 30,000 | 1 |
| 6 | 2 പശുക്കൾ ഉള്ള യൂണിറ്റിന് | 97,435 | 39,000 | 58,435 | 1 |
| 7 | 5പശുക്കൾ ഉള്ള യൂണിറ്റിന് | 2,48,500 | 99,400 | 1,49,100 | 3 |
| 8 | 10 പശുക്കൾ ഉള്ള യൂണിറ്റിന് | 4,81,000 | 1,92,400 | 2,88,600 | 5 |
| 9 | 5 പശുകിടാവ് വളർത്തൽ യൂണിറ്റ് | 1,82,000 | 75,000 | 1,07,000 | 2 |
| 10 | 10പശുകിടാവ് വളർത്തൽ യൂണിറ്റ് | 3,76,500 | 1,50,000 | 2,26,500 | 5 |

| | | | | | |
|---|---|---|---|---|---|
| 11 | 20 പശുകിടാവ് വളർത്തൽ യൂണിറ്റ് | 7,58,000 | 3,00,000 | 4,58,000 | 5 |
| 12 | ക്ഷീര കർഷകർക്ക് ആധുനിക വൽക്കരണ ത്തിന് | 50,000 | 25,000 | 25,000 | 1 |
| 13 | ക്ഷീര കർഷകർക്ക് ആധുനിക പാൽ ഉത്പാ ദന/വിപണന ഉപകരണങ്ങൾ വാങ്ങുന്നതിന് | 50,000 | 25,000 | 25,000 | 1 |
| 14 | കന്നുകാലി ഷെഡ് നിർമ്മാണത്തിന് | 1,00,000 | 50,000 | 50,000 | 1 |

മേൽ ആവശ്യങ്ങൾക്ക് സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ,പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് പരമാവധി 11 ശതമാനം നിരക്കിൽ വായ്പകൾ നൽകാവുന്നതാണ്. പദ്ധതിയിനത്തിൽ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് ക്ഷീരവികസന വകുപ്പ് വഴി സബ്സിഡി ലഭിക്കുന്നതാണ്.മേൽ വായ്പകൾ നൽകുന്നതിന് സംഘത്തിൽ/ ബാങ്കിൽ അക്കൗണ്ട് ഉണ്ടായിരിക്കേണ്ടതും ഓരോ സംഘവും ബാങ്കും അവരുടെ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് വായ്പാ പരിധി ക്രമങ്ങൾ പാലിക്കേണ്ടതാണ്. ക്ഷീരവികസന വകുപ്പിൽ നിന്നും സബ്സിഡി ലഭിക്കുന്ന മുറക്ക് ടി തുക വായ്പക്കാരന്റെ വായ്പക്കണക്കിൽ വരവുവെയ്ക്കേണ്ടതാണ്. മേൽ നിരക്കിൽ അധികരിച്ച് പലിശ ഈടാക്കുവാൻ പാടുള്ളതല്ല എന്നും നിർദ്ദേശിക്കുന്നു.

ഒപ്പ്
വി. സനൽ കുമാർ ഐ.എ.എസ്
**സഹകരണസംഘം രജിസ്ട്രാർ**